**14-ാം കേരള നിയമ സഭ**
**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4309** **24.10.2016-ൽ മറുപടിയ്ക്ക്**

## സർക്കാർ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ

**ചോദ്യം**

**ശ്രീ.കെ. കൃഷ്ണൻകുട്ടി :**

(എ) കേരളത്തിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള എത്ര മെഡിക്കൽ കോളേജുകൾ ഉണ്ട് ; അവയുടെ പേരും അതാത് മെഡിക്കൽ കോളേജുകളിലുള്ള എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണവും 2000 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെ ഫീസ് നിരക്കും വ്യക്തമാക്കാമോ ;

**ഉത്തരം**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ) 10 എണ്ണം. കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മെഡിക്കൽ കോളേജുകളുടെ പേരും എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണവും താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | മെഡിക്കൽ കോളേജിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 200 |
| 2 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം | --- |
| 3 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 150 |
| 4 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ | 150 |
| 5 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | 250 |
| 6 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ | 150 |
| 7 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം | 100 |
| 8 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാലക്കാട് | 100 |

| | | |
|---|---|---|
| 9 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, പൈനാവ്, ഇടുക്കി | 50 2016 - 17 അദ്ധ്യയന വർഷത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പുതുക്കിയ അംഗീകാരം ലഭിക്കാത്തതിനാൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടില്ല. |
| 10 | ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം | 100 |

2000 മുതൽ 2016 വരെയുള്ള ഓരോ വർഷത്തെ എം.ബി.ബി.എസ് സീറ്റുകളുടെ ഫീസ് നിരക്കുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ഓരോ കോളേജിലും മേൽപ്പറഞ്ഞ കാലയളവിൽ ഒരു എം.ബി.ബി.എസ്. വിദ്യാർത്ഥിയെ പഠിപ്പിച്ച് പുറത്തിറക്കുന്നതിന് സർക്കാരിന് ചെലവാകുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2000 മുതൽ 2015 വരെയുള്ള കാലയളവിൽ ഓരോ മെഡിക്കൽ കോളേജിലും എത്ര വിദ്യാർത്ഥികൾ എം.ബി.ബി.എസ്, പി.ജി. ബിരുദം കരസ്ഥമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; പി.ജി. കോഴ്സിലേയ്ക്കായി ഒരു വിദ്യാർത്ഥിയിൽ നിന്ന് എത്ര രൂപയാണ് ഫീസായി ഈടാക്കുന്നത് ; ഒരോ പി.ജി. വിദ്യാർത്ഥിയും പഠിച്ചു പുറത്തിറങ്ങുമ്പോൾ സർക്കാരിന് എത്ര പണം ചെലവാകുന്നുവെന്ന് വിശദീകരിക്കാമോ ;

(ബി), (സി), (ഡി) & (ഇ) വിവരം ശേഖരിച്ചു വരുന്നു.

(ഡി) പ്രസ്തുത ഡോക്ടർമാരിൽ എത്ര പേർ ഇതുവരെ സർക്കാർ സർവ്വീസിൽ തുടരുന്നുണ്ട്; എത്ര പേർ എൽ.ഡബ്ല്യു.എ പ്രകാരം ലീവിൽ പ്രവേശിച്ച് സ്വകാര്യ സ്ഥാപനങ്ങളിലോ കേരളത്തിന് വെളിയിലോ ഇന്ത്യയ്ക്ക് പുറത്തോ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന സർക്കാർ സർവ്വീസിൽ തുടർച്ചയായി ജോലി ചെയ്യാത്തവരും കേരളത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരുമായ ഡോക്ടർമാരുടെ പഠനത്തിന് സർക്കാർ ചെലവാക്കിയ തുകയും പലിശയും ഗഡുക്കളായെങ്കിലും തിരിച്ച് പിടിക്കാനുള്ള എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

**സെക്ഷൻ ഓഫീസർ**